# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

**വാർത്താക്കുറിപ്പ് 1**

**2023 ഓഗസ്റ്റ് 18**

---

## നാലു വർഷ ഡിഗ്രി ;ഫാക്കൽറ്റി ഡെവലപ്മെന്റ് പരിപാടി തുടങ്ങി

നാലു വർഷ ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകളുടെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പുകളിലെയും അഫിലിയേറ്റഡ് കോളജുകളിലെയും അധ്യാപകർക്കായി ഫാക്കൽറ്റി ഡവലപ്മെന്റ് പരിപാടി ആരംഭിച്ചു. കോളജ് ഡവലപ്മെന്റ് കൗൺസിലിന്റെ നേതൃത്വത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാം ആന്റ് റിസർച്ച് ഇൻ ബേസിക് സയൻസിൽ നടത്തുന്ന പരിശീലനം വൈസ് ചാൻസലർ ഡോ. സി.ടി അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. ഓഗസ്റ്റ് 23ന് സമാപിക്കും.

**ഫോട്ടോ ക്യാപ്ഷൻ....**
നാലു വർഷ ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകളുടെ ഭാഗമായി മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ആരംഭിച്ച ഫാക്കൽറ്റി ഡവലപ് മെന്റ് പരിപാടി വൈസ് ചാൻസലർ ഡോ. സി.ടി അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ/39/1003/2023)

## ബിരുദ പ്രവേശനം; രണ്ടാം ഫൈനൽ അലോട്ട്മെൻറ് റാങ്ക് ലിസ്റ്റ്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദ പ്രോഗ്രാമുകളിൽ രണ്ടാം ഫൈനൽ അലോട്ട്മെൻറ് മുഖേനയുള്ള പ്രവേശനത്തിൻറെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

ലിസ്റ്റിൽ ഉൾപ്പെട്ടവർ കോളജുകളുമായി ബന്ധപ്പെട്ട് ഓഗസ്റ്റ് 21ന് മുൻപ് പ്രവേശനം നേടണം.

(പി.ആർ.ഒ/39/1004/2023)

## ബി.എഡ്; രണ്ടാം സപ്ലിമെൻററി അലോട്ട് മെൻറ്

എം.ജി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ടീച്ചേഴ്സ് ട്രെയിനിംഗ് കേന്ദ്രങ്ങളിൽ ബി.എഡ് പ്രവേശനത്തിനുള്ള രണ്ടാം സപ്ലിമെൻററി അലോട്ട് മെൻറ് പ്രസിദ്ധീകരിച്ചു.

അലോട്ട് മെൻറ് ലഭിച്ചവരും ഒന്നാം സപ്ലിമെൻ്ററി അലോട്ട് മെൻറിൽ താത്കാലിക പ്രവേശനമെടുത്തവരും ഓഗസ്റ്റ് 22ന് വൈകുന്നേരം നാലിനു മുൻപ് കോളജുകളിൽ നേരിട്ട് ഹാജരായി സ്ഥിര പ്രവേശനം എടുക്കണം. നിശ്ചിത സമയപരിധിക്കുള്ളിൽ സ്ഥിര പ്രവേശനം എടുക്കാത്തവരുടെ അലോട്ട് മെൻറ് റദ്ദാകും.

(പി.ആർ.ഒ/39/1005/2023)

## ബി.ടെക് ഇന്റേണൽ റീ-ഡു

ബി.ടെക്(2010 ന് മുൻപുള്ള അഡ്മിഷനുകൾ, 2010-2014 അഡ്മിഷനുകൾ, 2015-2017 അഡ്മിഷനുകൾ) കോഴ്സിന്റെ ഒന്നു മുതൽ എട്ടു വരെയുള്ള സെമസ്റ്ററുകളുടെ പരാജപ്പെട്ട തിയറി പേപ്പറുകളുടെ ഇന്റേണൽ അസ്സെസ്മെന്റ് റീ-ഡു പരീക്ഷകൾക്ക് സെപ്റ്റംബർ എട്ടു വരെ അപേക്ഷിക്കാം. ഒരു വിഷയത്തിന് 2320 രൂപ നിരക്കിലുള്ള രജിസ്ട്രേഷൻ ഫീസ് സഹിതം ഡെപ്യൂട്ടി രജിസ്ട്രാർ 2 (പരീക്ഷ)ക്ക് അപേക്ഷ നൽകാം. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1006/2023)

## പരീക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ ബി.ആർക്ക്(20112018 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷ സെപ്റ്റംബർ 19ന് ആരംഭിക്കും. സെപ്റ്റംബർ അഞ്ചുവരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. സെപ്റ്റംബർ ഏഴിന് പിഴയോടു കൂടിയും എട്ടിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വികരിക്കും.

...................................

അഫിലിയേറ്റഡ് കോളജുകളുടെ ആറാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി(2020 അഡ്മിഷൻ റഗുലർ, 2018,2019 അഡ്മിഷനുകൾ സപ്ലിമെൻററി), ത്രിവത്സര എൽ.എൽ.ബി(2017 അഡ്മിഷൻ സപ്ലിമെൻററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്), പത്താം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി(2010 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകൾ സെപ്റ്റംബർ അഞ്ചിന് തുടങ്ങും. വിശദമായ ടൈംടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1007/2023)

## പ്രോജക്ട് ഇവാല്യുവേഷൻ, വൈവ വോസി

നാലാം സെമസ്റ്റർ എം.എ ഇക്കണോമിക്സ് - ജൂൺ 2023(2021 അഡ്മിഷൻ റഗുലർ, 2019-2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രോജക്ട് ഇവാല്യുവേഷൻ, കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷകൾ സെപ്റ്റംബർ അഞ്ചു മുതൽ 12 വരെ അതത് കോളജുകളിൽ നടക്കും.

..................

നാലാം സെമസ്റ്റർ എം.എ ബിസിനസ് ഇക്കണോമിക്സ് ആൻറ് ഡെവലപ്മെൻറ് ഇക്കണോമിക്സ് - ജൂൺ 2023(2021 അഡ്മിഷൻ റഗുലർ, 2019-2020 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ പ്രോജക്ട് ഇവാല്യുവേഷൻ, കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷകൾ സെപ്റ്റംബർ ഏഴ്, എട്ട് തീയതികളിൽ അതത് കോളജുകളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1008/2023)

## പരീക്ഷാ ഫലം

ഈ വർഷം ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ(മോഡൽ 1,2,3 - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017-2021 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ രണ്ടു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

............................

മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി മോളിക്യുലാർ ബയോളജി ആൻറ് ജനറ്റിക് എൻജിനീയറിംഗ്(പി.ജി.സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2019-2021 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിന് സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ രണ്ടു വരെ ഓൺലൈനിൽ അപേക്ഷിക്കാം

............................

ഈ വർഷം ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി(പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017-2021 അഡ്മിഷനുകൾ റീഅപ്പിയറൻസ്), ബി.എസ്.സി സൈബർ ഫോറൻസിക്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷൻ റീഅപ്പിയറൻസ്)പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിന് സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ രണ്ടു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1009/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**